**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **16-09-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | കൊണ്ടോട്ടി താലൂക്കാശുപത്രിയിൽ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് 36.19 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ നാലാം നിലയിലെ സ്ട്രക്ചറൽ വർക്ക് , അഞ്ചാം നിലയുടെ പ്രവൃത്തി, റോഡ് പ്രവൃത്തി, മതിൽ നിർമ്മാണം എന്നിവ ഉൾപ്പെടെ 30% പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ഏതെല്ലാം തസ്തികകളാണ് ഇവിടെ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ടി ആശുപത്രിയിലെ നിലവിലുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1)സിവിൽ സർജ്ജൻ-3<br>2)ജൂനിയർ കൺസൾട്ടന്റ്-1<br>3)അസിസ്റ്റന്റ് സർജ്ജൻ-5<br>4)കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-6<br>5)ആർ.എം.ഒ-1<br>6)സീനിയർ നഴ്സിംഗ് ഓഫീസർ-1<br>7)നഴ്സിംഗ് ഓഫീസർ-10<br>8)ഫാർമസിസ്റ്റ് - 3<br>9)ക്ലാർക്ക്-2<br>10)ഓഫീസ് അറ്റൻഡന്റ്--1<br>11)ലാബ് ടെക്നീഷ്യൻ-2<br>12)എസ്.റ്റി.എൽ.എസ് -1<br>13)ഒപ്റ്റോമെട്രിസ്റ്റ് -1<br>14)നഴ്സിംഗ് അസിസ്റ്റന്റ് - 4<br>15)ആശുപത്രി അറ്റൻഡർ ഗ്രേഡ് 1- 1 |

| | | | |
|---|---|---|---|
| | | | 16)ആശുപത്രി അറ്റൻഡർ ഗ്രേഡ് 2- 3<br>17)ഡ്രൈവർ-1<br>18)ഹെൽത്ത് സൂപ്പർവൈസർ-1<br>19)ഹെൽത്ത് ഇൻസ്പെക്ടർ-1<br>20)ജെ.എച്ച്.ഐ -3<br>21) ട്രീറ്റ്മെന്റ് ഓർഗനൈസർ-1<br>22) പി.എച്ച്.എൻ.എസ് -1<br>23) പി.എച്ച്.എൻ -1<br>24) ജെ.പി.എച്ച്.എൻ- 5<br>25) പി.ടി.എസ് - 1<br>ആകെ -60 |
| (സി) | താലൂക്ക് ആശുപത്രി നിലവാരത്തിന് ആവശ്യമായ ഏതെല്ലാം തസ്തികൾ വേണം എന്നാണ് നിർദ്ദേശം ഉയർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ടി ആശുപത്രിയിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ തസ്തികകൾ മാത്രം ഉൾപ്പെടുത്തി ശിപാർശ തയ്യാറാക്കുന്ന നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഇതിൽ ഡോക്ടർമാരുടേതടക്കം ഏതെല്ലാം തസ്തികൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്തരം (സി) പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ